13778

നം.ക്യു.ഐ.പി.1/49208/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

തീയതി : 05.07.2017

~~13787~~

6933

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ/
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/
പ്രധാനാദ്ധ്യാപകർ

സർ,

വിഷയം:-പൊതു വിദ്യാഭ്യാസം-വിദ്യാലയങ്ങളിൽ ജലസുരക്ഷ സന്ദേശ യാത്ര നടത്തുന്നതിനുള്ള അനുവാദം നൽകുന്നതു - സംബന്ധിച്ച്.

സൂചന:-05/07/2017-ലെ ബഹു.അരൂർ എം.എൽ.എ. അഡ്വ.എ.എം.ആരിഫ് അവർകളുടെ കത്ത്.

ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും ഇടക്കുള്ള ദുർഘടമായ പാക് കടലിടുക്ക് ഉൾപ്പെടെ നിരവധി ദുർഗ്ഗമ ജലപാതകൾ താണ്ടി സംസ്ഥാനത്തിനും രാജ്യത്തിനും അഭിമാനമായി മാറിയ ശ്രീ.എസ്.പി.മുരളീധരൻ കേരളത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും നീന്തലിന്റെ പ്രാഥമിക പാഠങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ സേവ് വാട്ടർ സേവ് ലൈഫ് ചാരിറ്റബിൾ സൊസൈറ്റിയുടെയും വേവ്സ് ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെയും ആഭിമുഖ്യത്തിൽ മുന്നോട്ട് വന്നിരിക്കുകയാണ്. ഇതിന്റെ ആദ്യ പടിയായി കുട്ടികൾക്ക് ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നു.

ഈ സാഹചര്യത്തിൽ ഏകദേശം അരമണിക്കൂർ ദൈർഘ്യം വരുന്ന ഒരു ബോധവൽക്കരണ ക്ലാസ് കുട്ടികളുടെ പഠന സമയത്തിനും, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കും തടസ്സം വരാത്ത രീതിയിൽ(പഠന സമയത്തിനു മുൻപോ അതിനു ശേഷമോ അല്ലെങ്കിൽ അവധി ദിവസങ്ങളിലോ) സംഘടിപ്പിയ്ക്കുന്നതിന് ശ്രീ.എസ്.പി.മുരളീധരന് ഇതിനാൽ അനുവാദം നൽകുന്നു.

വിശ്വസ്തതയോടെ,

ജിമ്മി കെ.ജോസ്

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)

പകർപ്പ്:- ശ്രീ.എസ്.പി.മുരളീധരൻ,
ശൗരീക്കാട്ട്ചിറ വീട്,
തിരുനല്ലൂർ - പി.ഒ,
ചേർത്തല - 688 541